# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.256 — 09/06/2014 ൽ മറുപടിക്ക്

## മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന മന്ത്രിസഭയിലെ മുഖ്യമന്ത്രി അടക്കമുള്ള എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്; ഇവർ ആരെല്ലാം; വ്യക്തമാക്കാമോ; | (എ) സംസ്ഥാന മന്ത്രിസഭയിലെ രണ്ട് മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിൽ ഉണ്ട്<br>(1) ശ്രീ.അടൂർ പ്രകാശ് വി.സി.02/08/എൻ.ആർ.കെ<br>(2) ശ്രീ.പി.ജെ.ജോസഫ് വി.സി.05/11/ഇ.ആർ.കെ, വി.സി.06/11/ഇ.ആർ.കെ |
| (ബി) ഈ കാലയളവിൽ എത്ര മന്ത്രിമാരുടെ പേരിൽ വിജിലൻസ് അന്വേഷണം നടത്താൻ വിവിധ വിജിലൻസ് കോടതികൾ ഉത്തരവിട്ടിട്ടുണ്ട്; | (ബി) ഈ കാലയളവിൽ നാല് മന്ത്രിമാരുടെ പേരിൽ അന്വേഷണം നടത്തുവാൻ വിവിധ വിജിലൻസ് കോടതികൾ ഉത്തരവിട്ടിട്ടുണ്ട്. |
| (സി) ഇവർ ആരെല്ലാമെന്നും ഓരോ മന്ത്രിമാരുടെ പേരിലും എത്ര വിജിലൻസ് അന്വേഷണം വീതം നടക്കുന്നുവെന്നും വ്യക്തമാക്കാമോ; | സി) ശ്രീ.പി.കെ.അബ്ദുറബ്ബ്, ശ്രീ.എം.കെ.മുനീർ എന്നിവർക്കെതിരെ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവിൻ പ്രകാരം വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മൂന്ന് സത്വരാന്വേഷണങ്ങൾ നടത്തി തുടർ നടപടികൾ ആവശ്യമില്ലായെന്ന റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. ശ്രീ.കെ.എം.മാണിക്കെതിരെ തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ ആറ് സത്വരാന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് തുടർ നടപടികൾ ആവശ്യമില്ലായെന്ന ശുപാർശയോടെ കോടതി മുൻപാകെ സമർപ്പിച്ചു. ശ്രീ.അനൂപ് ജേക്കബ്ബിനെതിരെ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവിൻ പ്രകാരം മൂന്ന് സത്വരാന്വേഷണങ്ങൾ നടത്തി അന്വേഷണ റിപ്പോർട്ട് തുടർ നടപടികൾ ആവശ്യമില്ലായെന്ന ശുപാർശയോടെ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) മറ്റേതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിൽ മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) ഇല്ല |
| (ഇ) ഈ കാലയളവിൽ ഈ മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഇ) വിജിലൻസ് കേസുകളൊന്നും പിൻവലിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ